"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ.എ7/5472/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി:05.07.2018.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ് ജീവനക്കാര്യം-ജീവനക്കാരുടെ ഹാജർനില പരിശോധിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജിന്റെ 09.02.2017-ലെ ഐ2/3185/15 നമ്പർ നടപടി ഉത്തരവ്.
2. അക്കൗണ്ടന്റ് ജനറലിന്റെ 19.06.2018-ലെ ഓഡിറ്റ് റിപ്പോർട്ട്.
3. ഓഡിറ്റ് സെക്ഷനിൽ നിന്നുള്ള 04.07.2017-ലെ കുറിപ്പ്.

* * * *

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ വരുന്ന ബയോമെട്രിക് അറ്റൻഡൻസ് ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നുണ്ടോയെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതും ആയത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട്, പഞ്ചിംഗ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലെയും അറ്റൻഡൻസ് രജിസ്റ്ററിൽ ജീവനക്കാർ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള പേജുകളുടെ പകർപ്പ് രാവിലെയുള്ളത് ഉച്ചക്ക് 12 മണിക്ക് മുൻപായും ഉച്ചക്ക് ശേഷമുള്ളത് പിറ്റേദിവസം 11 മണിക്ക് മുൻപായും ഈ കാര്യാലയത്തിലേക്ക് ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്. ഇതിനായി ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തേണ്ടതും ടിയാളുടെ പേരും തസ്തികയും മൊബൈൽ ഫോൺ നമ്പരും അറിയിക്കേണ്ടതുമാണ്. E-mail ID – attendancedt@gmail.com

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ആർ.ഇ.5.7.18